150 YEARS OF CELEBRATING THE MAHATMA

**"ഭരണഭാഷ- മാതൃഭാഷ"**

നം. ഡിസി5-27943/19

നഗരകാര്യ ഡയറക്ടറേറ്റ്,
സ്വരാജ്ഭവൻ, നന്തൻകോട്,
തിരുവനന്തപുരം, തീയതി, 31 /12/19
ഫോൺ നമ്പർ: 0471-2318896
Email id: duatvpm@gmail.com

**സർക്കുലർ**

വിഷയം:- 2006 ലെ ശൈശവ വിവാഹ നിരോധന നിയമം- ശൈശവ വിവാഹങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്- സംബന്ധിച്ച്.

സൂചന:- കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 26/04/19 ലെ 10186/9/സി2/2018/KeSCPCR നമ്പർ ഉത്തരവ്.

2006 ലെ ശൈശവ വിവാഹ നിരോധന നിയമപ്രകാരം ശൈശവ വിവാഹങ്ങൾ നടക്കുന്നത് തടയുകയെന്നത് ഏറെ പ്രധാനമാണ്. ശൈശവ വിവാഹങ്ങൾ മുൻകൂട്ടി കണ്ട് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ള കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരമുള്ള നിർദ്ദേശങ്ങൾ നൽകുന്നു.

സംസ്ഥാനത്തെ ഏതെങ്കിലും കല്ല്യാണമണ്ഡപങ്ങളിലോ, വിവാഹം നടക്കുന്ന മറ്റേതെങ്കിലും ഹാളുകളിലോ വിവാഹം നടത്താനായി ആളുകൾ സമീപിക്കുമ്പോൾ സ്ഥാപന അധികൃതർ വധൂ-വരന്മാരുടെ പ്രായം തെളിയിക്കുന്ന നിയമാനുസൃത രേഖ ആവശ്യപ്പെടേണ്ടതും പ്രസ്തുത രേഖ കൃത്യമായി സൂക്ഷിക്കേണ്ടതും വരന്റെ പ്രായം 21 പൂർത്തിയാകാതിരിക്കുകയോ വധുവിന്റെ പ്രായം 18 പൂർത്തിയാകാതിരിക്കുകയോ ചെയ്യുന്ന പക്ഷം അത്തരം വിവാഹങ്ങൾ നടത്താൻ പാടില്ലാത്തതാണെന്ന് നഗരസഭാ സെക്രട്ടറിമാർ കല്ല്യാണ മണ്ഡപ/സ്ഥാപന അധികൃതരെ അറിയിക്കേണ്ടതും ആയത് കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

ശൈശവ വിവാഹം നടത്തുന്ന കല്ല്യാണമണ്ഡപങ്ങൾക്കും ഹാളുകൾക്കുമെതിരെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് 447 പ്രകാരം സ്ഥാപനത്തിന് നൽകിയ ലൈസൻസുകളുടെ ലംഘനമായി കണക്കാക്കി സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് കൂടി അറിയിക്കേണ്ടതാണ്.

ആർ.ഗിരിജ ഐ.എ.എസ്.
നഗരകാര്യ ഡയറക്ടർ

പകർപ്പ്:-

1) എല്ലാ സെക്രട്ടറിമാർക്കും/ എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും
2) എല്ലാ ജനന മരണ വിവാഹ രജിസ്ട്രാർമാർക്കും
   (നഗരസഭാ സെക്രട്ടറി മുഖേന)

എസ്.കെ.ഒ